# പതിനാലാം കേരള നിയമസഭ

## ഒന്നാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 316** **29-06-2016-ൽ മറുപടിയ്ക്ക്**

## കാരുണ്യ ബെനവലന്റ് പദ്ധതി

| | ചോദ്യം<br><br>ശ്രീ. എൻ.എ. നെല്ലിക്കുന്ന് | | മറുപടി<br><br>ശ്രീ. തോമസ് ഐസക്<br>(ധനകാര്യവും കയറും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങൾ ബാധിച്ചവർക്കാണ് സഹായം നൽകുന്നത്; സഹായ ധനത്തിന് പരിമിതിയുണ്ടോ; | (എ) | ക്യാൻസർ, വൃക്കരോഗം, ഹീമോഫീലിയ എന്നിവയുടെ ചികിത്സ; കരൾ/തലച്ചോർ സർജറി; വൃദ്ധജനങ്ങൾക്ക് സാന്ത്വന ചികിത്സ; നട്ടെല്ല്, സുഷുമ്നനാഡി, ശ്വാസകോശം എന്നിവയ്ക്കുണ്ടാകുന്ന മാരകമായ രോഗങ്ങൾക്കുള്ള ചികിത്സ എന്നിവയ്ക്കാണ് ധനസഹായം നൽകുന്നത്.<br>പദ്ധതിയിൽ നിന്നും നൽകുന്ന പരമാവധി ധനസഹായം 2 ലക്ഷം രൂപയാണ്. എന്നാൽ ഹീമോഫീലിയ രോഗികൾക്ക് ഇപ്പോൾ പരിധിയില്ലാതെ ചികിത്സാധനസഹായം അനുവദിക്കുന്നുണ്ട്. |
| (ബി) | മാരകമായ രോഗങ്ങൾക്ക് ശസ്ത്രക്രിയ നടത്തുന്നതിന് പത്ത് ലക്ഷത്തിലധികം രൂപ ചെലവ് വരുന്നതിനാൽ ഈ തുക താങ്ങാനാവാത്ത പാവപ്പെട്ട രോഗികൾക്ക് കാരുണ്യ ബെനവലന്റ് സ്കീമിൽനിന്ന് പര്യാപ്തമായ സഹായം അനുവദിക്കുമോ; | (ബി) | കാരുണ്യ പദ്ധതി സർക്കാരിന്റെ മറ്റ് ചികിത്സാ സഹായ പദ്ധതികളുമായി സംയോജിപ്പിച്ച് വിപുലമാക്കും. ഇന്ന് ഈ പദ്ധതിയുടെ പരിധിയിൽ വരാത്ത രോഗങ്ങളും ഉൾപ്പെടുത്തിയാകും നവീകരിക്കുക. അതുവരെ നിലവിലുള്ള പദ്ധതി തുടരുകയും ചെയ്യും. |

| | | | |
|---|---|---|---|
| (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബെനവലന്റ് പദ്ധതി പ്രകാരം എത്ര രോഗികൾക്ക് എത്ര രൂപ വീതം സഹായം അനുവദിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക വ്യക്തമാക്കാമോ ? | (സി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാരുണ്യ ബനവലന്റ് ഫണ്ട് പദ്ധതി പ്രകാരം 8773 രോഗികൾക്ക് മൊത്തം 97.41 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു. |

Jeyash

**സെക്ഷൻ ഓഫീസർ.**

അനുബന്ധം

## Karunya Benevolent Fund

| SL No | District | Total | |
|---|---|---|---|
| | | No. | Amount (In Rs.) |
| 1 | TRIVANDRUM | 996 | 138686696 |
| 2 | KOLLAM | 809 | 119076475 |
| 3 | PATHANAMTHITTA | 412 | 52680859 |
| 4 | ALAPPUZHA | 937 | 54661263 |
| 5 | KOTTAYAM | 693 | 79351786 |
| 6 | IDUKKI | 335 | 39254200 |
| 7 | ERNAKULAM | 699 | 63029108 |
| 8 | THRISSUR | 482 | 40200650 |
| 9 | PALAKKAD | 817 | 88536870 |
| 10 | MALAPPURAM | 334 | 19162000 |
| 11 | KOZHIKKODE | 768 | 102064040 |
| 12 | WAYANAD | 169 | 20175600 |
| 13 | KANNUR | 961 | 114364850 |
| 14 | KASARAGODE | 361 | 42874860 |
| | | 8773 | 974119257 |

സെക്ഷൻ ഓഫീസർ